ഗവണ്മെന്റിന്റെ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾ.

*1719. [10] ശ്രീ. എൻ. ശിവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായങ്ങളിൽ അൻപതു ശതമാനത്തിലധികം ഗവണ്മെന്റിന്റെ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾ ഏതെല്ലാം;

(ബി) ട്രാവൻകൂർ ഫെർട്ടിലൈസേർ ആൻഡ് കെമിക്കൽസിൽ ഗവണ്മെന്റിന്റെ മൂലധന നിക്ഷേപം എത്ര;

(സി) ഈ വ്യവസായം ദേശസാൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ):

(എ) 1. ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ്, ട്രാവൻകൂർ, ആലുവാ.

2. ട്രാവൻകൂർ–കൊച്ചിൻ കെമിക്കൽസ്, ആലുവാ

3. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്, കൊല്ലം

4. ഫാർമ്മർ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ആലുവാ

5. തിരുവിതാംകൂർ ടെറാനിയം പ്രൊഡക്റ്റ്സ് ലിമിറ്റഡ്, തിരുവനന്തപുരം

6. പള്ളിക്കര ബ്രിക്സ് ആൻഡ് ടൈൽസ്, കോട്ടയം

(ബി) 2,17,50,000 രൂപ.

(സി, ഡി) ഈ വ്യവസായം ഗവണ്മെന്റ് ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലിരിക്കുകയാണ്.

ശ്രീ. എൻ. ശിവൻപിള്ള: ഗവണ്മെന്റ് അതിന്റെ ഭാരവാഹികളുമായി ആലോചന നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ: ഗവണ്മെന്റ് ആലോചന നടത്തീട്ടുണ്ട്.

ശ്രീ. എൻ. ശിവൻപിള്ള: സെൻട്രൽ ഗവണ്മെന്റുമായി ഈ വ്യവസായം ദേശവൽക്കരിക്കുന്നതിനെ സംബന്ധിച്ച് ഈ ഗവണ്മെന്റ് ആലോചന നടത്തീട്ടുണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ: ഉണ്ട്. സെൻട്രൽ ഗവണ്മെന്റുമായി ആലോചന നടത്തീട്ടുണ്ട്. അതിനു സെൻട്രൽ ഗവണ്മെന്റിൽനിന്നും കിട്ടിയിരിക്കുന്ന മറുപടി, കേരളത്തിൽ സ്റ്റേറ്റ് ഗവണ്മെന്റിനു ഭൂരിപക്ഷം ഷെയറുള്ള വ്യവസായങ്ങൾ ആഗസ്റ്റ് 15–നുശേഷം ഏറ്റെടുക്കുക എന്നതു സ്റ്റേറ്റ് ഗവണ്മെന്റിന്റെ അധികാരപരിധിയിൽ പെട്ടിരിക്കുന്ന ഒരു കാര്യമാണെന്നാണ്. സ്റ്റേറ്റ് ഗവണ്മെന്റിനു അതിനധികാരമുണ്ടെന്നും ഇൻഡ്യാ ഗവണ്മെന്റിൽനിന്നും കത്തു ലഭിച്ചിട്ടുണ്ട്.

ശ്രീ. പി. ടി. ചാക്കോ: ഇൻഡ്യാ ഗവണ്മെന്റിനോടു ചോദിച്ചതു ഈ വ്യവസായം ഏറ്റെടുക്കാൻ സ്റ്റേറ്റ് ഗവണ്മെന്റിനു അധികാരമുണ്ടോ എന്നാണോ?

ശ്രീ. കെ. പി. ഗോപാലൻ: കമ്പനി ലാ അഡ്മിനിസ്ട്രേഷൻ അനുസരിച്ച് ഈ വ്യവസായം വികസിപ്പിക്കുന്നതിനായി മൂന്നുകോടിയിലധികം രൂപ ഗവണ്മെന്റ് നൽകിയിട്ടുള്ളതുകൊണ്ട് ഈ കാര്യം ആലോചിക്കേണ്ട ഉത്തരവാദിത്വം സ്റ്റേറ്റ് ഗവണ്മെന്റിനുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഗവണ്മെന്റ് കേന്ദ്രഗവണ്മെന്റിനോടു ചോദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ : ഈ വ്യവസായം ഇവിടത്തെ സ്റ്റേറ്റ് ഗവണ്മെൻറ് ഏറ്റെടുത്തു നടത്തുന്നതിനുവേണ്ടി ഇൻഡ്യാഗവണ്മെൻറിനോടു ചോദിച്ചോ എന്നു ചോദിച്ചു ചോദ്യത്തിനു് ഇൻഡ്യാ ഗവണ്മെൻറിൻറെ അഭിപ്രായമെന്താണു്; അനുകൂലമാണോ, അധികാരമുണ്ടെന്നു പറഞ്ഞോ; ഈ അധികാരം ഉണ്ടെന്നുള്ളതല്ലാതെ ഏറ്റെടുക്കുന്ന കാര്യത്തെ സംബന്ധിച്ചു് അനുകൂലമായോ പ്രതികൂലമായോ മറുപടി പറഞ്ഞോ?

ശ്രീ. കെ. പി. ഗോപാലൻ: ഏറ്റെടുക്കാൻ അധികാരമുണ്ടെന്നു പറഞ്ഞു. അതു അനുകൂലമായി പറഞ്ഞു എന്നാണു് മനസ്സിലാക്കുന്നതു്.

ശ്രീ. ആർ. പ്രകാശം : ഇൻഡ്യാഗവണ്മെൻറു് ഇതിൽ അനുകൂലമായ മറുപടി പറഞ്ഞിരിക്കുന്ന സ്ഥിതിക്കു് ഈ പരിശോധന ഒന്നവസാനിപ്പിക്കാൻ ശ്രമിക്കുമോ?

ശ്രീ. കെ. പി. ഗോപാലൻ: അതിനുവേണ്ട എല്ലാ നടപടികളും എടുക്കുന്നതിനെക്കുറിച്ചു് ഗവണ്മെൻറു് ആലോചിച്ചുവരികയാണു്. തീർച്ചയായും ഗവണ്മെൻറു് ഈ കാര്യത്തിൽ അടിയന്തിരമായ നടപടി എടുക്കും.

ശ്രീ. എ. എ. റഹിം : അൻപതു ശതമാനത്തിലധികം ഗവണ്മെൻറു മുതൽമുടക്കുള്ള മറ്റു കമ്പനികളെ സംബന്ധിച്ചിടത്തോളം എന്താണു് ഗവണ്മെൻറിൻറെ പോളിസി. അവ ദേശീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ : ഈ കാര്യത്തെക്കുറിച്ചു് ഗവണ്മെൻറു് ആലോചിച്ചുവരികയാണു്.

ശ്രീ. കെ. കൊച്ചുകുട്ടൻ : എഫ്. എ. സി. ടി. യിൽ നിന്നും മി. ജാൺ മത്തായി ചെയർമാൻസ്ഥാനം രാജിവച്ചിരിക്കുന്നതായി പത്രത്തിൽ കണ്ടതു ശരിയാണോ?

ശ്രീ. കെ. പി. ഗോപാലൻ: ശരിയാണു്.

ശ്രീ. കെ. കൊച്ചുകുട്ടൻ : രാജിവയ്ക്കാനുണ്ടായ കാരണമെന്താണു്?

ശ്രീ. കെ. പി. ഗോപാലൻ: അദ്ദേഹത്തിൻറെ രാജിക്കത്തിൽ യാതൊരു കാരണവും പറഞ്ഞിട്ടില്ല.

ശ്രീ. പി. ഗോവിന്ദപ്പിള്ള : ഈ വിവരം കാണിച്ചു് ഈ കമ്പനിയുടെ ഡയറക്ടറായ ശേഷശായി ബ്രദേഴ്സിനു് ഏതെങ്കിലും നോട്ടീസു നൽകിയിട്ടുണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ: കമ്പനി ലാ അഡ്മിനിസ്ട്രേഷൻ പ്രകാരം ഭൂരിപക്ഷം ഷെയർ ഹോൾഡറന്മാർ, ഒരു വ്യവസായം ഗവണ്മെൻറു് നേരിട്ടു് ഏറ്റെടുക്കണമെന്നു തീരുമാനിക്കുകയാണെങ്കിൽ, ആഗസ്റ്റു പതിനഞ്ചിനു ശേഷം കേന്ദ്രഗവണ്മെൻറിൻറെ അനുമതിയോടുകൂടി ആ വ്യവസായം ഏറ്റെടുക്കാൻ സാധിക്കും. പ്രത്യേകമായി നോട്ടീസു കൊടുക്കേണ്ട കാര്യം ഗവണ്മെൻറിൻറെ പരിഗണനയിലിരിക്കുകയാണു്.

ശ്രീ. പി. ടി. ചാക്കോ : ഷെയർ ഹോൾഡേഴ്സിൽ ഭൂരിപക്ഷം ഗവണ്മെൻറു തന്നെയാണല്ലോ. ഇതിനു ഷെയർ ഹോൾഡേഴ്സിൻറെ ഒരു യോഗം കൂടി തീരുമാനമുണ്ടാക്കേണ്ടതല്ലേ; അതിലേയ്ക്കു നോട്ടീസു കൊടുത്തിട്ടുണ്ടോ; അതിനുള്ള നടപടികളും വല്ലതും എടുക്കുകയുണ്ടായോ?

ശ്രീ. കെ. പി. ഗോപാലൻ : ഇക്കാര്യം കമ്പനിയുടെ ഡയറക്ടർ ബോർഡിൻറെ മുമ്പാകെ വയ്ക്കുകയുണ്ടായിട്ടുണ്ടു്. അതിനു നോട്ടീസു കൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്ജ് : ഗവണ്മെൻറുമായി അഭിപ്രായവ്യത്യാസം കൊണ്ടാണോ ശ്രീ. ജാൺമ്രത്തായി ആ കമ്പനിയിലെ ചെയർമാൻസ്ഥാനവും, ഡയറക്ടർ സ്ഥാനവും രാജിവച്ചിട്ടുള്ളതെന്നും അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതായി കേട്ടു. അതിൽ വല്ല പരമാർത്ഥവുമുണ്ടോ?

ശ്രീ. കെ. പി. ഗോപാലൻ: അദ്ദേഹത്തിൻെറ രാജിക്കത്തിൽ രാജി വയ്ക്കുവാനുണ്ടായ കാരണത്തെപ്പറ്റി യാതൊന്നും പറഞ്ഞിട്ടില്ല. അദ്ദേഹം വല്ല പ്രസ്താവനയും ചെയ്തിട്ടുണ്ടെങ്കിൽ അതിനെ ഗവണ്മെൻറു യാതൊരു ഉത്തരവാദിത്വവും വഹിക്കുന്നില്ല.

ജാഥാ പ്രകടനങ്ങളിൽ പങ്കുകൊണ്ട ലോറി ഡ്രൈവർമാരുടേയും മറ്റും പേരിലുള്ള നടപടികൾ

* 1720 [11] ശ്രീ. കെ. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) ജാഥയിൽ ലോറികൾ പങ്കെടുക്കുന്നതിനെ നിരോധിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ വക്കല നിയോജകമണ്ഡലത്തിൽ കല്ലമ്പലത്തു വച്ച് 9-5-1959-ൽ നടന്ന കാൺഗ്രസ്സ് പ്രചരണയോഗത്തോടനുബന്ധിച്ചുള്ള ജാഥാ പ്രകടനങ്ങളിൽ പങ്കുകൊണ്ട ലോറികളുടെ ഡ്രൈവർമാരുടേയും ഉടമസ്ഥന്മാരുടേയും പേരിൽ നടപടികൾ എടുക്കുവാൻ കാരണമെന്ത് ;

(സി) കമ്മ്യൂണിസ്റ്റ് പ്രകടനങ്ങൾക്ക് ലോറി ഉപയോഗിക്കുന്നതിനു് ഇന്നും യാതൊരു നിരോധനവും ഇല്ലെന്നുള്ള റിപ്പോർട്ടുകൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ഇല്ല. പക്ഷേ, ട്രാൻസ്പോർട്ട് അതോറിട്ടിയുടെ പ്രത്യേക അനുമതിക്കുടാതെ ആറിലധികം ആളുകളെ സാമാനവണ്ടികളിൽ എടുക്കുന്നതു് മോട്ടാർ വെഹിക്കിൾസ് ചട്ടപ്രകാരം കുറ്റമാണു്.

(ബി) മോട്ടാർ വെഹിക്കിൾസ് ചട്ടം ലംഘിച്ചതുകൊണ്ടാവാം. കാര്യം അന്വേഷണത്തിലിരിക്കുകയാണു്.

(സി) ഇല്ല. ചട്ടങ്ങൾ പാലിക്കുന്നതിനു് കമ്മ്യൂണിസ്റ്റുകാരും അല്ലാത്തവരും തമ്മിൽ യാതൊരു വിവേചനവും അനുവദിച്ചിട്ടില്ല. ചട്ടങ്ങൾ ആരു ലംഘിച്ചാലും നടപടികൾ എടുക്കുന്നതാണു്.

ശ്രീ. കെ. സി. ഏബ്രഹാം : ജാഥാ പ്രകടനം നടത്തുന്നതിനായി, ആളുകളെ കയറ്റിക്കൊണ്ടുപോയ ലോറിഡ്രൈവറന്മാരുടേയും മറ്റും പേരിൽ ഒരു നടപടിയും എടുത്തിട്ടില്ല എന്നാണോ പറയുന്നതു് ?

ശ്രീ. സി. അച്യുതമേനോൻ : ഒരു ലോറിയിൽ ആറുപേരിൽ കൂടുതൽ ആളുകളെ കൊണ്ടുപോകുവാൻ പാടില്ലെന്നാണു് നിയമം. കൂടുതൽ കൊണ്ടുപോകണമെന്നുണ്ടെങ്കിൽ അതിലേക്ക പ്രത്യേകം പെർമിറു വാങ്ങിച്ചിരിക്കണം. അടുത്ത കാലംവരെ എല്ലാ പാർട്ടിയിലുംപെട്ട ആളുകളെ കൊണ്ടുപോകുന്നതിനു പെർമിറു കൊടുക്കാറുണ്ടായിരുന്നു. എന്നാൽ അതു കുറെ കുഴപ്പങ്ങൾക്കിടയാകുമെന്നു കണ്ടതിനാൽ അങ്ങനെ പെർമിറുകൊടുക്കുവാൻ പാടില്ലെന്നു ട്രാൻസ്പോർട്ട് അതോറിട്ടിക്കു നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. എ. എ. റഹിം : എത്രകാലമായി അങ്ങനെ നിർദ്ദേശം കൊടുത്തിട്ടു് ?

ശ്രീ. സി. അച്യുതമേനോൻ : അടുത്തകാലത്താണു്.

LIBRARY ARCHIVES Kerala Legislative Assembly